بسم الله الرحمن الرحيم

# HAZRAT KHALIFATHULLAH MUNIR AHMAD AZIM (atba)

**QUESTION & ANSWER: BIRTH RITUALS IN ISLAM** 25/09/2016

ഹിജ്റ 15-ാം നൂറ്റാണ്ടിലെ മുഹ്‌യിദ്ദീനും ഖലീഫത്തുല്ലായുമായ ഹസ്രത് മൂനീർ അഹ്മദ് അസീം അവർകളോട്, ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിലെ കേരളത്തിലെ ഒരംഗം ചോദിച്ച ചോദ്യത്തിന് ഇമാം അവർകൾ നല്കിയ മറുപടി

ചോദ്യം: ഒരു കുട്ടി ജനിക്കുമ്പോൾ അനുഷ്ഠിക്കേ പ്രധാനപ്പെട്ട സുന്നത്തായ കാര്യങ്ങൾ ഒന്നു വിശദീകരിക്കാമോ ?

**Would you please explain the main Sunnah/ Practices following Birth?**

**ഉത്തരം** :

1) **Birth & Purification (Bath)** ജനനവും ശുദ്ധീകരണവും (കുളി)
: കുട്ടി ആണാകട്ടെ പെണ്ണാകട്ടെ ജനനശേഷം നല്ല രീതിയിൽ കുളിപ്പിക്കുക, നന്നായി തുടച്ച് വെടിപ്പാക്കുക

2) **Adhaan & Iqamah** ബാങ്കും ഇഖാമത്തും കുട്ടിയുടെ (ആൺ പെൺ) വലതു ചെവിയിൽ ബാങ്കും ഇടതു ചെവിയിൽ ഇഖാമത്തും കേൾപ്പിക്കുക

3) **Tahneek** : **മധുരം നൽകൽ** : പരിശുദ്ധപ്രവാചകൻ മുഹമ്മദ് സ്രായുടെ അടുക്കൽ പ്രസവാനന്തരം ഒരു നവജാത ശിശുവിനെ കൊണ്ടു വന്നപ്പോൾ ഒരു ചെറിയ കഷണം ഈന്തപ്പഴം തന്റെ വായിലിട്ട് നനവു വരുത്തിയ ശേഷം നവജാത ശിശുവിന്റെ അണ്ണാക്കിൽ വെച്ചുകൊടു ക്കുകയുായി. (ബുഖാരി, മുസ്ലീം മറ്റു പലരും) ആയതിനാൽ ഇസ്ലാമിൽ ഈ ചര്യയും പിന്തുടരുന്നത് അഭിലഷണീയമായ കാര്യമാണ്. ലഭ്യമെങ്കിൽ ഈന്തപ്പഴച്ചാറോ തേനോ നല്കാവുന്നതാണ്.

4) **Naming the Child** **കുട്ടിക്ക് പേരിടുക**, കുട്ടിക്ക് നല്ല നിലയിലുള്ള പേരിടേണ്ടതാണ്. പേരിടേണ്ടതിന് ഏഴാം ദിവസം വരെ സമയമെടുക്കാവുന്നതാണ്

5) **Circumcision** **ശിശ്നാഗ്രത്തിലെ തൊലി ഛേദിക്കുക** സുന്നത്തു ചെയ്യൽ ആൺകുട്ടികൾക്ക് നിർബന്ധമായ സുന്നത്തു കടമയാണ്. കാരണം ഇത് ഇസ്ലാമിന്റെ അടയാളങ്ങളിൽപ്പെട്ടതാണ്. പ്രകൃതിപരമായ ഒരു ഏർപ്പാടുമാണ്. ആദ്യ ആഴ്ചയിൽ തന്നെ ഇത് ചെയ്യാവുന്നതാണ്. നേരത്തെ ചെയ്യുന്നത് കുട്ടിക്ക് ആശ്വാസം പകരുന്ന കാര്യമാണ്. അല്ലെങ്കിൽ കുട്ടിക്കാലത്തു തന്നെ കുറെ താമസിച്ചും ചെയ്യാവുന്നതാണ്. എന്നാൽ ഞാൻ ശുപാർശ ചെയ്യുന്നത് (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) വളരെ നേരെത്തെ ചെയ്യുവാനാണ്. കാരണം കുട്ടിക്ക് വലിയ ബുദ്ധിമുട്ടൊന്നും വരില്ല. കാരണം സുന്നത്തു താമസിച്ചാൽ അവന് ഇക്കാര്യം വളരെ പ്രയാസമുണ്ടാക്കുന്നതാണ് (ആൺകുട്ടികൾക്ക് മാത്രം)

6) **Shaving The Head** **തല മുണ്ഡനം ചെയ്യുക** ആൺകുട്ടി ആയാലും പെൺകുട്ടി ആയാലും ഏഴുദിവസത്തിനുള്ളിൽ തല മുണ്ഡനം ചെയ്യേണ്ടതാണ്. മുണ്ഡനം ചെയ്ത മുടി തൂക്കി അതിന്റെ തൂക്കത്തിന്റെ തുല്യമായ വെള്ളി അല്ലെങ്കിൽ സ്വർണ്ണം (അല്ലെങ്കിൽ പണം) നല്ലകാര്യത്തിനായി സദഖയായി നല്കേണ്ടതാണ് എന്നിട്ട് മുടി ഭൂമിക്കടിയിൽ നിക്ഷേപിക്കേണ്ടതാണ്.

7) **AQIQA** **അഖീഖ** ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആൺകുട്ടികൾക്ക് ഒരേതരത്തിലുള്ള രണ്ട ആടുകളെയും പെൺകുട്ടിക്ക് ഒരാടിനെയും ബലി അർപ്പിക്കുവാൻ അല്ലാഹുവിന്റെ ദൂതൻ അവരോട് കല്പിക്കുകയുണ്ടായി. (തിർമിദി, ഇബ്നുമാജ) അഖീഖ സംബന്ധമായി ചോദിച്ചു. അപ്പോൾ പ്രവാചകൻ പറഞ്ഞു. ആൺകുട്ടിക്ക് രു ആടുകളെയും പെൺകുട്ടിക്ക് ഒരു ആടിനെയും അർപ്പണം ചെയ്യുക. അവർ ആണോ പെണ്ണോ എന്നത് പ്രശ്നമാക്കേണ്ടതില്ല (തിർമിദി, അബൂദാവൂദ്, ഇബ്നുമാജ)

സൽമാൻ ഇബ്ന് ആമീർ (റ) റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു. ആൺകുട്ടിക്ക് ഒരു അഖീഖ ഉണ്ട്. അവന് വേണ്ടി ഒരു മൃഗത്തെ ബലി അർപ്പിക്കുക അവന് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ സുന്നത്തു കല്യാണവും നടത്തുക (തിർമിദി, അന്നസാഈ, അബുദാവൂദ്, ഇബ്നുമാജ)

സമുർറ ഇബ്നു ജുൻ ദുബ് (റ) റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു ആൺകുട്ടിക്ക് ഒരു അഖീഖ ഉണ്ട അവന് വേ ഒരു മൃഗത്തെ ബലി അർപ്പിക്കുക അവന് ബുദ്ധിമുട്ടുണ്ടകാതിരിക്കാൻ സുന്നത്തു കല്യാണവും നടത്തുക (തിർമിദി, അന്നസാഈ, അബുദാവൂദ്, ഇബ്നുമാജ) സമൂർറ ഇബ്നു ജുൻദുബ് (റ) പറഞ്ഞതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു ഒരു ആൺകുട്ടിയെ അഖീഖയിലൂടെ വീണ്ടെടുക്കേണ്ടതാണ്. 7-ാം ദിവസം അവന് വേണ്ടി അഖീഖ നല്കേണ്ടതാണ്. അവന് ഒരു പേരും നല്കേണ്ടതാണ് തലമുണ്ഡനം ചെയ്യേണ്ടതുമാണ്. (തിർമിദി, അന്നസാഈ , അബുദാവൂദ്, ഇബ്നുമാജ)

നവജാത ശിശുവിനു വേണ്ടി സദഖയായി ആചാരപ്രകാരം ഒരു മൃഗത്തെ ബലിയർപ്പിക്കുന്നതിനാണ് അഖീഖ എന്നു പറയുന്നത്. അതിലൂടെ അല്ലാഹു അവനെ/ അവളെ എല്ലാവിധ പ്രയാസങ്ങളിൽ നിന്നും സംരക്ഷിച്ചേക്കാം. നവജാത ശിശുവിന് വേണ്ടി നല്കുന്ന ഒരു സമ്മാനവും അല്ലാഹുവിനോടുള്ള നന്ദിപ്രകടനവുമാണിത്. മാംസത്തിന്റെ ഒരു ഭാഗം സാധുക്കൾക്കും അടുത്തകുടുംബക്കാർക്കും മറ്റൊരു ഭാഗം വീട്ടിലെ സ്വന്തം ഉപയോഗത്തിനും ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ സാധുക്കൾക്ക് വേണ്ടിയും കുടുംബാംഗങ്ങൾക്കു വേണ്ടിയും സ്വന്തം കുടുംബത്തിലെ അംഗങ്ങൾക്കും വേണ്ടിയും ഒരുമിച്ച് പാചകം ചെയ്തു ഉച്ചഭക്ഷണമായോ രാത്രിയിലെ ഭക്ഷണമായോ ഉപയോഗിക്കാവുന്നതാണ്.

**Sept 26, 2016**

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala, Ph: 9447001832**